16
സെപ്റ്റംബർ
2020

കൊറേ കാടുകളിൽ നിന്നു പ്രസിദ്ധീകരിക്കുന്ന ഏക വനപത്രം

# ജംഗിൾ ന്യൂസ്

JUNGLE NEWS DAILY, PUBLISHED FROM THIRUVANAM PURAM, KOZHIKOOD, ERUMAKULAM, MAYILPURAM, PATTIKKAD, KAKKANCHERY

**ജംഗിൾ ന്യൂസ്** പത്രത്തിലേക്ക് കൂട്ടുകാരുടെ രസകരമായ വാർത്തകൾ ക്ഷണിക്കുന്നു..
പേര്, ക്ലാസ്, സ്കൂൾ എന്നിവ ചേർക്കാൻ മറക്കരുത്.
വാർത്തകൾ വാട്സാപ് ചെയ്യുക:
8281572448

## നഖം വെട്ടി മാറ്റാൻ മൃഗകോടതി ഉത്തരവ്

### മുയലുകളെ പേടിപ്പിക്കുന്ന രംഗം വേണ്ട



**സിംഹളപുരം:** സിനിമകളിൽ നഖം വ്യക്തമാക്കരുതെന്ന് മൃഗകോടതി വിധിച്ചു. അതിനാൽ നഖം നീട്ടുന്ന സീനുകൾ വെട്ടിമാറ്റി പുതിയ ചിത്രം നഖം വ്യക്തമാക്കുന്നു എന്ന ചിത്രം റിലീസിനു തയ്യാറായി. സട കുടയുമ്പോൾ എന്ന മെഗാഹിറ്റ് ചിത്രത്തിന് ശേഷം നടൻ ഗർജൻ രാജ് നായകനായെത്തിയ നഖം വ്യക്തമാക്കുന്നു എന്ന ചിത്രമാണ് കോടതി കയറിയത്. നായകൻ ഓവറായി നഖം നീട്ടുന്ന പല രംഗങ്ങളും സാധാരണ മൃഗങ്ങളെ പേടിപ്പിക്കുന്നതായാണ് പരാതി. ഈ ഭീകര രംഗങ്ങൾ മാറ്റിയില്ലെങ്കിൽ തങ്ങളത് കാർന്നു തിന്നുമെന്ന് സെൻസർബോർഡിലെ ചിതലുകൾ അറിയിച്ചു.

ഇതേതുടർന്ന് നിർമാതാവും സംവിധായകനുമായ പോക്കൻ തവള കോടതിയെ സമീപിച്ചു. പക്ഷേ സിനിമ കണ്ടു നോക്കിയ മൃഗകോടതി ജഡ്ജി മൃദുല ഹൃദയൻ മുയൽ പോലും ബോധം കെട്ടു.

താനിനി മേലിൽ നഖം നീട്ടുന്ന സീനുകളിൽ അഭിനയിക്കില്ലെന്ന് സൂപ്പർസ്റ്റാർ കഴുതേശ്വരൻ കടുവ കഴിഞ്ഞദിവസം ഫേസ്ബുക്കിൽ എഴുതി

ഫാത്തിമ ഷംബ്രിറിൻ. കെ
ക്ലാസ് 10
ഇർഷാദ് ഹൈസ്കൂൾ, മണ്ണാർക്കാട്

## മാസ്കിട്ട് അഭിനയിക്കാൻ എങ്ങനെ പറ്റും

**കോടമ്പാക്കം:** മാസ്ക് ധരിച്ചും സാമൂഹിക അകലം പാലിച്ചു കൊണ്ടും വേണേൽ സിനിമാ ഷൂട്ടിംഗ് നടത്താം എന്ന ഉത്തരവിനെതിരെ സിനിമാ ലോകം. അങ്ങനെ ചെയ്തിട്ട് എങ്ങനെ സിനിമ ചെയ്യാനാണെന്നാണ് താരങ്ങളുടെ സംഘടനയായ 'അമ്മോസൻ' പ്രസിഡന്റ് തവളലാൽ ചോദിക്കുന്നത്. വില്ലനും നായകനും തമ്മിൽ മാറിപ്പോകില്ലേ. പരസ്പരം തൊടാതെ രണ്ടു മീറ്റർ അകലത്തിൽ നിന്ന് സ്റ്റണ്ട് നടക്കുമോ.. ആകെ പ്രതിസന്ധിയിലാണ്... തവളലാൽ പറഞ്ഞു.

## മാസ്ക് വെച്ചിട്ട് മണക്കാൻ പറ്റുന്നില്ല



**ശ്വാനപുരം:** മാസ്ക് നിർബന്ധമാക്കിയ ശേഷം തങ്ങൾക്ക് കഷ്ടകാലമാണെന്ന് തെരുവു നായ്ക്കളുടെ സംഘടന. ആരെങ്കിലും വലിച്ചെറിയുന്ന സാധനങ്ങൾ മണത്ത് കണ്ടെത്തിയാണ് ഞങ്ങൾ വിശപ്പടക്കുന്നത്. മാസ്ക് നിർബന്ധമായതോടെ ഞങ്ങൾക്കിപ്പോ പഴയ പോലെ മണം കിട്ടാതായി. എന്നു മാത്രമല്ല, ഒരു സാധനവും ആരും പുറത്തേക്ക് വലിച്ചെറിയരുത് എന്നും നിയമം വന്നതോടെ ശരിക്കും ഞങ്ങൾ വെട്ടിലായി. നിയമം കൊണ്ടു വന്നാൽ പോരാ, പകരം ഞങ്ങൾക്ക് ജീവിക്കാനുള്ള വഴിയും നിശ്ചയിച്ച് തരാനുള്ള ബാധ്യത ഭരിക്കുന്നവർക്കുണ്ടെന്നും സംഘടനാ നേതാവ് ചിന്നൻ നായ പറഞ്ഞു. മാസ്ക് വന്നതോടെ മൂക്കിന്റെ ആവശ്യം ഇല്ലാതാവുന്ന അവസ്ഥയാണ് വന്നു ചേർന്നതെന്നും മൂക്കിനെ അവഗണിക്കുന്ന മാസ്ക് സാമ്രാജ്യത്വ സൃഷ്ടിയാണെന്നും പാർട്ടി ബുദ്ധിജീവി കൂടിയായ ചിന്നൻ പറഞ്ഞു.

## ചെലപ്പം ശരിയാവും ചെലപ്പോ ശരിയാവൂല – ഹോട്ടലിൽ കയ്യാങ്കളി

**തവളമുക്ക്:** ഹോട്ടലിൽ ഭക്ഷണം കഴിക്കാൻ വന്നവരും ഹോട്ടൽ ജീവനക്കാരും തമ്മിൽ വഴക്കും കയ്യാങ്കളിയും. ഭക്ഷണം കഴിക്കാൻ വന്ന പങ്കു കുറുക്കൻ ഒരു അൽഫാമും ഖുബ്ബൂസും ഓർഡർ ചെയ്യുകയും എന്നാൽ കിട്ടിയത് കരിഞ്ഞ അൽഫാമാണെന്ന് പരാതി പറയുകയുമായിരുന്നു. അൽഫാം ചെലപ്പോ ശരിയാവും ചെലപ്പോ ശരിയാവൂല.. ഇത് ശരിയായില്ല എന്നത് കൊണ്ട് ഒരു കൊഴപ്പോം ഇല്ലാ എന്നായിരുന്നു ഹോട്ടൽ ജീവനക്കാരുടെ നിലപാട്.

ഉടനെ പങ്കു കുറുക്കന് ദേഷ്യം വന്നു. ഭക്ഷണം കഴിച്ചാ ചെലപ്പോ കാശ് തരും ചെലപ്പോ കാശ് തരൂല..

ഇപ്പോ കാശ് തരാൻ എനിക്കൊട്ടു ഉദ്ദേശ്യവുമില്ല എന്ന് തിരിച്ചടിച്ചതോടെ പങ്കു കുറുക്കനെ തല്ലുകയായിരുന്നു ഹോട്ടൽ ജീവനക്കാർ. പ്രശ്നത്തെ തുടർന്ന് പോലീസ് കേസെടുത്തിട്ടുണ്ട്.